**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **29-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. പ്രേംകുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കേന്ദ്ര സർക്കാരിനോട് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിരുന്നോ; | (എ) | കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യം, സാമൂഹ്യ ക്ഷേമം, പുനരധിവാസം എന്നീ മേഖലകളിലുണ്ടായേക്കാവുന്ന കുത്തനെയുള്ള അധിക ചെലവുകൾ നേരിടുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 50% ആയി ഉയർത്തണമെന്നും, നിപ്പ, കോവിഡ്-19 തുടങ്ങിയ പൊതു ആരോഗ്യ ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും, കോവിഡ് മൂലം സംസ്ഥാന ധനസ്ഥിതിയ്ക്ക് ഉണ്ടായ കനത്ത ആഘാതം നേരിടുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ / ധനകമ്മിയിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു ശേഷം ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ച 26/04/2020-ലെ കത്ത് പ്രകാരം കോവിഡ് 19-ഉം തുടർന്നുള്ള ലോക്ക് ഡൗണും കാരണം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടായ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിനും ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അഡീഷണൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കോവിഡ് 19 മൂലമുള്ള അധിക ചെലവ് വഹിക്കുന്നതിന് ആർട്ടിക്കിൾ 282 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ |

| | | | |
|---|---|---|---|
| | | | അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത സർചാർജ്ജ്, സെസ് ഇനങ്ങൾ ക്രമാതീതമായി വർദ്ധിപ്പിച്ച് ജനങ്ങളുടെ മേൽ നികുതിഭാരം വർദ്ധിപ്പിക്കുകയും എന്നാൽ സംസ്ഥാനങ്ങൾക്ക് കിട്ടേണ്ട നികുതി വിഹിതം യഥാസമയം നല്കാതിരിക്കുന്നത് പരിഹരിക്കുന്നതിനുമായി കേന്ദ്ര സർക്കാരിനോട് പ്രത്യേക ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർചാർജ്ജ്, സെസ് എന്നിവ വർദ്ധിക്കുന്നതുമൂലം സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന നികുതി വിഹിതത്തിൽ കുറവ് വരുന്നതായി ചൂണ്ടിക്കാണിക്കുകയും സംസ്ഥാനങ്ങൾക്കായി വിഭജിക്കേണ്ട നികുതി 42% ത്തിൽ നിന്നും 50% ആയി ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. |
| (സി) | പൊതുനിക്ഷേപം വർദ്ധിപ്പിച്ച് സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരവിന് വഴിയൊരുക്കുന്നതിൽ റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഗണ്യമായ ഇടിവ് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് മഹാമാരി സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം സംസ്ഥാനങ്ങളുടെയും കേന്ദ്രസർക്കാരിന്റെ യും നികുതി വരുമാനത്തിൽ ഗണ്യമായ കുറവിന് കാരണമായിട്ടുണ്ട്. നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മഹാമാരി സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽ നിന്ന് സമ്പദ് വ്യവസ്ഥയെ കരകയറ്റുവാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്തുവാനും അധിക വായ്പ ലഭ്യമാക്കണ്ടേ സാഹചര്യമാണ് നിലവിൽ ഉള്ളത്. കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് കൊണ്ട് കേരളത്തിന്റെ നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി നടപ്പ സാമ്പത്തിക വർഷം 2021-22-ൽ നമ്മുടെ വായ്പാ പരിധി ജി.എസ്.ഡി.പിയുടെ 4.5 % ആയി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അധിക വായ്പയിലൂടെയും 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകി വരുന്ന Revenue Deficit Grant - ലൂടെയും റവന്യൂ വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് ഒരു പരിധിവരെ നികത്താൻ കഴിയുമെന്നാണ് കരുതുന്നത്. കൂടാതെ, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ഉറപ്പുവരുത്തുവാൻ ബജറ്റിന് പുറത്ത് നിന്ന് പണം കണ്ടെത്തുന്നതിനായി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശലക്ഷ്യ പൂർത്തികരണത്തിന് ഉതകുന്ന രീതിയിൽ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ